Kerala Gazette No. 10 dated 7th March 2017.
**PART I** **Section iii**

# കേരള സർക്കാർ

## നിയമ (നിയമനിർമ്മാണം-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 21122/ലെഗ്.സി2/2016/നിയമം. 2016 നവംബർ 23

തിരുവനന്തപുരം, 1192 വൃശ്ചികം 8/1938 അഗ്രഹായനം 2.

കേരള സംസ്ഥാന നിയമസഭയുടെ താഴെപറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2016 നവംബർ 21-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,

നിയമ സെക്രട്ടറി.

**2016-ലെ 20-ാം ആക്റ്റ്**

## 2016-ലെ കേരള കോർട്ട്-ഫീസും വ്യവഹാരസലയും (ഭേദഗതി) ആക്റ്റ്

1959-ലെ കേരള കോർട്ട്-ഫീസും വ്യവഹാരസലയും ആക്റ്റ്
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1959-ലെ കേരള കോർട്ട്-ഫീസും വ്യവഹാരസലയും ആക്റ്റ് (1960-ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള കോർട്ട്-ഫീസും വ്യവഹാരസലയും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 76-ാം വകുപ്പിനുള്ള ഭേദഗതി.—1959-ലെ കേരള കോർട്ട്-ഫീസും വ്യവഹാരസലയും ആക്റ്റിന്റെ (1960-ലെ 10) 76-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (2)-ാം ഉപവകുപ്പ് പ്രകാരം സമാഹരിച്ച നിയമ സഹായ നിധിയുടെ എഴുപത് ശതമാനത്തിന് തുല്യമായ ഒരു തുക ഓരോ വർഷവും 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫണ്ടിലേക്കും നിയമസഹായ നിധിയിൽ സമാഹരിച്ച തുകയുടെ മുപ്പത് ശതമാനത്തിന് തുല്യമായ ഒരു തുക 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫണ്ടിലേക്കും നീക്കിവയ്ക്കേണ്ടതാണ്:

എന്നാൽ (3)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള ഫണ്ടുകളിലേക്ക് നീക്കിവയ്ക്കപ്പെട്ട തുകയിൽ നിന്നും പത്ത് ശതമാനം വീതം തുകയ്ക്ക് തുല്യമായ തുക വ്യവഹാരികൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനായി നിലനിർത്തിയതിനു ശേഷം, അപ്രകാരം നീക്കിവെക്കപ്പെട്ട തുക പ്രസ്തുത ഫണ്ടുകളിലേക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.".

(ശരിത്തർജ്ജമ)

കെ. എ. ശ്രീലത,
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.